## ലൈസൻസി താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ടും അതേതുടർന്നുള്ള ചട്ടങ്ങളും ബൈലകളും അനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു.
2. തൊഴിൽസ്ഥലവും അതിലുള്ള സാധനസാമഗ്രികളും പഞ്ചായത്തധികാരികൾക്കോ സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി വേണ്ട സൌകര്യം നൽകേണ്ടതും അവർ ആവശ്യപ്പെട്ടാൽ ഈ ലൈസൻസ് കാണിക്കേണ്ടതുമാണ്.
3. ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആസ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരുഭാഗത്ത് ലൈസൻസി തന്റെ പേരും ലൈസൻസിന്റെ നമ്പരും ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വെച്ചിരിക്കേണ്ടതാണ്.
4. പഞ്ചായത്തിൽ നിന്നും അനുവാദം ലഭിച്ച ശേഷമല്ലാതെ തൊഴിൽ സ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു.
5. തൊഴിൽ സ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമിക രോഗാണുക്കൾ ഉണ്ടാക്കാത്ത വിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യാപാരത്തിനു വെച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈച്ച,അണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.
6. ഓരോ പ്രവൃത്തി ദിനത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.
7. ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കുകയോ ചെയ്യുന്ന ചപ്പുചവറോ മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച്, സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യേണ്ടതാണ്,
8. ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുവരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേൽപറഞ്ഞ പരിസരത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ച് വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ മാലിന്യമോ, ചപ്പുചവറോ, അസഹ്യവും ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായി കേടുപാട് തീർത്ത് നിലനിർത്തേണ്ടതാണ്.
9. ലൈസൻസി മേൽപറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാട് തീർത്ത് വക്കേണ്ടതാണ്.
10. അയിത്തം ആചരിക്കുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്.
11. ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠ രോഗമോ വ്രണമോ പകർച്ച വ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.
12. 17.02.202019ലെ സ.ഉ(കൈ)നം.7/2019 പരിസ്ഥിതി ഉത്തരവ് പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ വിതരണം നടത്തുകയോ ചെയ്യാൻ പാടില്ല
13. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്.
14. ഇരുപത് സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ടോയലറ്റ് സൌകര്യം ഏർപ്പെടുത്തേണ്ടതാണ്.
15. നിരോധിത ഉത്പന്നങ്ങളായ പാൻമസാല, ഗുഡ്ഖ തുടങ്ങിയ യാതൊന്നും സംഭരിച്ച് വെക്കുവാനോ വിൽപ്പന നടത്തുവാനോ പാടില്ല.
16. ബാലവേല അനുവദിക്കാൻ പാടില്ല.
17. ലൈസൻസ് കാലവധി അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ് ഒടുക്കുവരുത്തേണ്ടതാണ്.

സെക്രട്ടറി
ചൊക്ലി ഗ്രാമപഞ്ചായത്ത്

നമ്പര്: 91/2023-2024/JC.2/91 തീയതി: 01-04-2023

## ചൊക്ലി ഗ്രാമപഞ്ചായത്ത്

ചൊക്ലി പി.ഒ., കണ്ണൂർ (ജില്ല)

പിന്: 670672, ഫോണ്: 4902339480, ഇ-മെയില് : chokligpsecretary@gmail.com

### വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

(കെ.പി.ആർ ആക്ട് സെക്ഷൻ 232, FTE & OS ലൈസൻസ് ചട്ടങ്ങൾ 1996)

| | | | |
|---|---|---|---|
| ലൈസൻസിയുടെപേര് | നാണു എം.ഒ | | |
| ലൈസൻസിയുടെ മേൽവിലാസം | മീത്തലെ ഒതയോത്ത്, ഒളവിലം | | |
| സ്ഥാപനത്തിന്റെ പേരും, സ്ഥലനാമവും | എം.ഒ സ്റ്റേഷനറി | | |
| ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | സ്റ്റേഷനറി | | |
| വാർഡ് നമ്പർ/കെട്ടിട നമ്പർ | X/34 | | |
| ലൈസെൻസ് കാലാവധി | 01-04-2023 മുതൽ 31-03-2024 വരെ | | |
| | തുക | രസീത് നമ്പർ | തീയതി |
| ലൈസെൻസ് ഫീസ് | 200 /- രൂപ | 107931 | 17-03-2023 |
| മോട്ടോർ ഫീസ് | | | |
| തൊഴിൽ നികുതി | | | |
| ലൈസെൻസ് അനുവദി-ക്കുന്നതിന് ഹാജരാക്കിയ നിരാക്ഷേപ പത്രങ്ങളുടെ വിശദാംശങ്ങൾ ( നമ്പർ, തീയതി, കാലയളവ്, നൽകിയ അധികാര സ്ഥാപനം ) | | | |

സെക്രട്ടറി

ഓഫീസ് മുദ്ര